കാസർകോട് ജില്ലയിൽ മൃഗാശുപത്രികൾ

150 (1085) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ ;

(ബി) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ പുതുതായി രൂപീകരിച്ച പനത്തടി പഞ്ചായത്തിൽ മൃഗാശുപത്രി ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പഞ്ചായത്തിൽ മൃഗാശുപത്രി സ്ഥാപിക്കുവാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മൃഗാശുപത്രി സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

151 (1086) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് 1997 ജനുവരി 1 മുതൽ 1998 ആഗസ്റ്റ് 14-നുള്ളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ചിട്ടുള്ള വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം സഹകരണ സ്ഥാപനമായ മിൽമയിൽ (ടി.ആർ. സി.എം.പി.) പ്രസ്തുത കാലയളവിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്തിരുന്ന വികലാംഗരായ അസിസ്റ്റന്റുമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവർക്ക് അനുകൂലമായ നടപടി സ്വീകരിക്കുമോ ;

(സി) അസിസ്റ്റന്റുമാരായ വികലാംഗർക്ക് വീണ്ടും ടെസ്റ്റും ഇന്റർവ്യൂവും നടത്തി മാത്രമേ നിയമിക്കൂ എന്ന ബോർഡ് തീരുമാനം റദ്ദ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) വികലാംഗർക്ക് നിയമനം നൽകാതെ വീണ്ടും ടെസ്റ്റും ഇന്റർവ്യൂവും നടത്തി പുതിയ ആൾക്കാരെ നിയമിക്കുവാനുള്ള ബോർഡിന്റെ നീക്കം റദ്ദ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly